## അദ്ധ്യായം ഇരുപത്

# സ്തുതിയും ആരാധനയും

### (Praise and Worship)

> സ്ത്രീ അവനോട് (യേശുവിനോട്): "യജമാനനെ, നീ പ്രാവചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യറുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു" എന്നു പറഞ്ഞു. യേശു അവളോടുപറഞ്ഞത്: "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല യെറുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു, നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു; രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നേ ന മസ്കരിക്കുന്നവൻ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്കരിക്കുന്നവൻ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" (യോഹ 4:19-24).

മേൽ ഉദ്ധരിച്ച യേശുവിന്റെ വചനങ്ങൾ ആരാധനയ്ക്ക് അടിസ്ഥാനമാണ്. യഥാർത്ഥ ആരാധനയും അവരുടെ യോഗ്യതയും യേശു വിവരിക്കുന്നു. ആരാധിക്കുന്നവർ അനേകരു്, എന്നാൽ യഥാർത്ഥ ആരാധകർ വിരളമാണ്. അവർ ദൈവത്തെ ആരാധിക്കുന്നു; എന്നാൽ ആരാധനയ്ക്ക് യോഗ്യനായവനെ അർഹതപ്പെട്ട രീതിയിൽ ആരാധിക്കുന്നില്ല.

യഥാർത്ഥ ആരാധകരുടെ പ്രത്യേകതയെന്താണ്? "*സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണ് യഥാർത്ഥ ആരാധന.*" ജഢത്തിലുള്ള സ്വാർത്ഥ ആരാധന വ്യാജ ആരാധനയാണ്. ജഢത്തിൻ ആരാധിക്കുന്നവർ വൈകാരിക പ്രകടനത്തിലൂടെ ആരാധനയെ വെളിപ്പെടുത്തും, അത് ഹൃദയത്തിന്റെ ആഴത്തിൽനിന്നും ദൈവസ്നേഹം വെളിപ്പെടുത്തുന്നില്ല.

ദൈവത്തെ സ്നേഹിക്കുന്നതുമൂലം *ഹൃദയത്തിന്റെ ആഴത്തിൽ നിന്നും വെളിപ്പെടുന്നതാണ് യഥാർത്ഥ ദൈവിക ആരാധന.* ഇത് സഭാകൂട്ടായ്മകളിൽ മാത്രം വെളിപ്പെടുന്നതല്ല, കർത്താവിന്റെ കല്പനകളെ അനുകരിക്കുന്നതുമൂലം ഹൃദയത്തിൽനിന്നും ഓരോ നിമിഷവും വെളിപ്പെട്ടുവരുന്ന സ്നേഹത്തിന്റെ പ്രകടനമാണ്. യേശുവിനോടു സംസാരിച്ച ശമര്യാക്കാരി സ്ത്രീ അഞ്ചു വിവാഹം കഴിച്ചവളും ഇപ്പോൾ വേറൊരുവനോടുകൂടി താമസ്സിക്കുന്നവളുമാണ്. ഇവളാണ് യഥാർത്ഥ

ആരാധനയുടെ സാരാംശത്തെ ആരായുന്നത്! നിത്യജീവിതത്തിൽ ദൈവത്തെ വെല്ലുവിളിക്കുകയും ആചാരങ്ങളുടെ ഭാഗമായി ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നജനവിഭാഗത്തിന്റെ പ്രതീകമാണ് ഈ സ്ത്രീ. അവർ സത്യനമസ്കാരികളല്ല.

യേശു ഒരിക്കൽ കപടആരാധനനടത്തിയ പരീശനേയും ശാസ്ത്രിയേയും ശാസിച്ചു.

> കപടഭക്തരെ, നിങ്ങളെക്കുറിച്ച് യെശയ്യാവ്: ''ഈ ജനം അധരം കൊ് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെവിട്ട് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവൻ പ ഠിപ്പിക്കുന്നതുകൊ് എന്നെ വ്യർത്ഥമായി ഭജിക്കുന്നു'' (മത്താ 15:7-9).

യഹൂദന്മാരും, ശമര്യാക്കാരും ആരാധനസ്ഥലങ്ങൾക്ക് പ്രാധാന്യം ന ൽകിയിരുന്നു എന്നാൽ ആരാധനസ്ഥലത്തിന് യാതൊരു പ്രാധാന്യവും ഇല്ലായെന്ന് യേശു അരുളിചെയ്തു. ആരാധിക്കുന്നവന്റെ ആർദ്രതയും ദൈവത്തോടുള്ള മനോഭാവവും ആണ് ഒരുവന്റെ ആരാധനയുടെ ആഴത്തെ വെളിപ്പെടുത്തുന്നത്.

ഇന്ന് സഭകളിൽ നടക്കുന്ന ആരാധന, ആചാരത്തിൽ മുഴുകിയ ഒരു നിർജീവചടങ്ങു മാത്രമാണ്. മരിച്ച ആരാധനയുടെ മണിയൊച്ചയാണ് സ്തുതിഗീതങ്ങൾ. ആരുടേയൊ വാക്കുകൾ തത്തയെപ്പോലെ ഏറ്റുപറയുന്നവരുടെ ശബ്ദകോലാഹലത്തിലൂടെ നിർജ്ജീവമായ ഒരു പ്രകടനം. അവരുടെ ജീവിതരീതി അവരുടെ ഹൃദയവികാരങ്ങളുമായി യോജിച്ചു പോകുന്നില്ല.

''നീ എത്ര വലിയവൻ'' എന്ന് ദൈവസ്നേഹമില്ലാത്തആയിരങ്ങൾ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാടുന്നത് കേൾക്കുന്നതിനേക്കാൾ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു ഹൃദയത്തിന്റെ ഭാഷയിൽ ദൈവത്തെ അനുസരിച്ച് ജീവിക്കുന്ന ഒരു എളിയവന്റെ ശബ്ദം ദൈവം ഏറെ ഇഷ്ടപ്പെടുന്നു.

## ആത്മാവിലുള്ള ആരാധന
## (Worshipping in Spirit)

അന്യഭാഷയിൽ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ് ''ആത്മാവിലെ'' ആരാധന എന്ന് ചിലർ കരുതുന്നു. യേശുവിന്റെ വാക്കുകളുടെ അടിസ്ഥാനത്തിൽ ഇതിനെ ഒന്നു പരിശോധിക്കാം. ''സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു.'' ആത്മാവിൻ ആരാധിക്കേണം എന്ന വ്യവസ്ഥ പാലിച്ച ചിലർ അന്നുായിരുന്നു എന്ന്

യേശുവിന്റെ ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. തീർച്ചയായും പെന്തക്കോസ്തുനാൾ വരെ ആരും അന്യഭാഷയിൽ സംസാരിച്ചിരുന്നില്ല എന്നത് സത്യമാണ്.അതുകൊ് ഏതുവിശ്വാസിക്കും, അന്യഭാഷ സംസാരിക്കുന്നവർക്കും അല്ലാത്തവർക്കും - സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കാം. അന്യഭാഷയിലുള്ള പാട്ടും പ്രാർത്ഥനയും ഒരുവന്റെ ആരാധനക്ക് സഹായകരമാണ്, എന്നാൽ ഹൃദയത്തിൽതട്ടാതെ തന്നെ ഒരുവന് ആത്മാവിൽ പ്രാർത്ഥിക്കുവാൻ കഴിയും.

ആദിമസഭാരാധനയുടെ ഒരു ചിത്രം നമുക്കുനോക്കാം.

> അന്ത്യോക്ക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നുപേരുള്ള ശിമോൻ, കുറെനെക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹേരാദാവോടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊിരിക്കുമ്പോൾ: ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു (അപ്ര 13:1-2).

ശ്രദ്ധിക്കുക ''അവർ ദൈവത്തിന് ശുശ്രൂഷചെയ്യുകയായിരുന്നു'' അതായത് അവർ ദൈവത്തെ ആരാധിക്കുന്നവരായിരുന്നു. യഥാർത്ഥ ആരാധകർക്ക് യഥാർത്ഥ ദൈവത്തിന്റെ ശുശ്രൂഷകരാണ്. നമ്മുടെ ലക്ഷ്യം ദൈവസ്നഹം ആണെങ്കിൽ ആരാധന യഥാർത്ഥ ലക്ഷ്യം കൈവരിച്ചു എന്നു കരുതാം.

## ആരാധനയ്ക്കുള്ള മാർഗ്ഗങ്ങൾ
## (Ways to Worship)

യിസ്രായേലിന്റെ സ്തുതിഗീതമാകുന്ന സങ്കീർത്തനപുസ്തകം വിവിധരീതിയിൽ ദൈവത്തെ ആരാധിക്കണമെന്നു നമ്മെ ഉപദേശിക്കുന്നു. ഉദാഹരണത്തിന് 32-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു. ഹൃദയപരമാർത്ഥികൾ എല്ലാവരുമായുള്ളോരേ, ഘോഷിച്ചുല്ലസിപ്പിൻ (സങ്കീ 32: 11 ബി).

ഏതുഭാവത്തിലായാലും ആരാധനയ്ക്ക് അതിന്റേതായ ഒരു സ്ഥാനമു്; അതുപോലെയാണ് ഉല്ലാസഘോഷവും.

> നീതിമാന്മാരെ, യഹോവയിൽ ഘോഷിച്ചുല്ലസിപ്പിൻ; സ്തുതിക്കുന്നതു നേരുള്ളവർക്ക് ഉചിതമല്ലോ; കിന്നിരം കൊ് യഹോവയ്ക്കു സ്തോത്രം ചെയ്വിൻ; പത്തുകമ്പിയുള്ള വീണകൊു അവനു സ്തുതിപാടുവിൻ; അവനുപുതിയ പാട്ടുപാടുവിൻ; ഘോഷസ്വരത്തോടെ നന്നായി വാദ്യം വായിപ്പിൻ (സങ്കീ 33:1-3).

നാം ദൈവത്തെ സ്തുതിക്കണം. സന്തോഷത്തോടെ അവനെ സ്തുതിക്കണം. അത് നമ്മുടെ ഹൃദയത്തെ വെളിപ്പെടുത്തുന്നതാണ്. നമ്മുടെ

സ്തുതിഗീതങ്ങൾ വാദ്യഘോഷത്തോടെയാകാം. മിക്കവാറും സഭാ ആരാധന കളിൽ വൈദ്യുതഗാനഉപകരണങ്ങളുടെ ശബ്ദധാരയിൽ ആരാധനമുങ്ങിപ്പോകുന്നതായി കാണാം. ആരാധനയെക്കാൾ ഉച്ചത്തിൽ ഉപകരണങ്ങൾ ശബ്ദിക്കുന്നതു ശരിയല്ല. ഒന്നുകിൽ അതിനെ നിയന്ത്രിക്കണം അല്ലെങ്കിൽ ഒഴിവാക്കണം. സങ്കീർത്തനക്കാരന് ഇങ്ങനെ ഒരു പ്രശ്നം ഉായിരുന്നതായി കാണുന്നില്ല.

എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും (സങ്കീ 63:4).

സമർപ്പണത്തിന്റേയും താഴ്മയുടെയും അടയാളമായി നമുക്ക് കൈകൾ ഉയർത്തി ആരാധിക്കാം.

സർവ്വഭൂമിയുമായുള്ളോവേ, ദൈവത്തിനുഘോഷിപ്പിൻ; അവന്റെ നാമത്തിന്റെ മഹത്വം കീർത്തിപ്പിൻ; അവന്റെ സ്തുതി മഹത്വീകരിപ്പിൻ; നിന്റെ പ്രവൃത്തികൾ എത്രഭയങ്കരം; നിന്റെ ശക്തിയുടെ വലിപ്പിത്താൽ ശത്രുക്കൾ നിനക്കുകീഴടങ്ങും; സർവ്വഭൂമിയും നിന്നെ നമസ്കരിച്ചുപാടും; അവർ നിന്റെ നാമത്തിനു കീർത്തനം പാടും; എന്നിങ്ങനെ ദൈവത്തോടു പ റവിൻ (സങ്കീ 66:1-4).

ആരാധനയിൽ നാം ദൈവത്തിന്റെ മഹത്വത്തേയും വലിപ്പത്തേയും പ്രസ്താവിക്കണം. ദൈവത്തെസ്തുതിക്കുവാനുള്ള ഉചിതമായ വാക്കുകൾ സങ്കീർത്തനങ്ങളിലു്. ''ഞാൻ നിന്നെ സ്തുതിക്കുന്നു'' എന്ന് ആരാധനയിൽ ആവർത്തിച്ചുകേൾക്കാം. എന്നാൽ അതിനപ്പുറം നാം ആരാധനയിൽ ദൈവത്തോടുസംസാരിച്ചുകൊിരിക്കണം.

വരുവിൻ നാം വണങ്ങിനമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ; മുട്ടുകുത്തുക (സങ്കീ 95:6).

നാം ദൈവത്തെ ആരാധിക്കുന്നത് നിന്നോ, കുനിഞ്ഞോ മുട്ടുകുത്തിയോ എങ്ങനെയായാലും, ആ രീതിതന്നെ നമ്മുടെ ആരാധനയെ വെളിപ്പെടുത്തുന്നതാണ്.

ഭക്തർ മഹത്വത്തിൽ ആനന്ദിക്കട്ടെ; അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ (സങ്കീ 149:5).

ആരാധിക്കുന്നത് നിന്നിട്ടോ, മുട്ടുകുത്തിയോ ആകണമെന്നില്ല. കിടക്കയിൽ കിടന്നുകൊുപോലും ആരാധിക്കാവുന്നതാണ്.

അവന്റെ വാതിലുകളിൽ സ്തോത്രത്തോടും; അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ; അവന് സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ (സങ്കീ 100:4).

ഇതിലെല്ലാം ഉപരി നൃത്തമാടി നമുക്ക് ദൈവത്തെ ആരാധിക്കാം. എന്നാൽ ആ നൃത്തം ജഢീകമോ, വിനോദപ്രദമോ ആയിരിക്കരുത്.

> കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ; വീണയോടും കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പിൻ; തപ്പിനോടും നൃത്തത്തോടും കൂടെ അവനെ സ്തുതിപ്പിൻ; തന്ത്രിനാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പിൻ; ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ; ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ (സങ്കീ 150:3-6).

സംഗീതത്തിൽ പ്രാവിണ്യം ഉള്ളവർക്കായി ദൈവത്തിന്സ്തുതി. ഹൃദയത്തിന്റെ ആഴത്തിൽ നിന്നുയരുന്ന സ്നേഹത്തിന്റെ ഭാഷയിൽ സംഗീതത്തോടെ ദൈവത്തെ സ്തുതിക്കാം.

## ആത്മിക ഗാനങ്ങൾ
**(Spiritual Songs)**

> യഹോവയ്ക്ക് ഒരു പാട്ടുപാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു (സങ്കീ 98:1 എ)

പഴയ പാട്ടു പാടുന്നതുകൊ് തെറ്റൊന്നുമില്ല, പക്ഷേ ആചാരങ്ങളിൽ അധിഷ്ടിതമാകാൻ പാടില്ല. ഒരു പുതിയ പാട്ട് - അത് ഹൃദയത്തിന്റെ ഉള്ളിൽനിന്നു വരുന്നതാണ്. പുതിയൊരു പാട്ടുപാടുവാൻ പ രിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നുവെന്ന് പുതിയ നിയമം നമ്മെ പ ഠിപ്പിക്കുന്നു.

> സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മികഗീതങ്ങളാലും തമ്മിൽ തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനുപാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലോ 3:16).

> വീഞ്ഞുകുടിച്ചുമത്തരാകരുത്, അതിനാൽ ദുർന്നടപ്പു ഉാകുമല്ലോ. ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചു. നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നുപാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പ ിതാവുമായിവന്നു എല്ലായ്പ്പോഴും എല്ലാറ്റിനുംവേിയും സ്തോത്രം ചെയ്തുകൊൾവിൻ (എഫേ 5:18-20).

"സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മികഗീതങ്ങളാലും" നാം ദൈവത്തെസ്തുതിക്കണമെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. ഇവ മൂന്നും തമ്മിൽ വ്യത്യാസമു്. സംഗീതഉപകരണങ്ങളുടെ അകമ്പടിയോടെ

വചനത്തിൽനിന്നും പാടുന്ന സ്തുതി ഗീതങ്ങളാണ് സങ്കീർത്തനങ്ങൾ . വിവിധസഭാവിശ്വാസികൾ നന്ദിസൂചകമായി പാടുന്ന പൊതുവായ ഗാനങ്ങളാണ് സ്തുതി ഗീതങ്ങൾ. പരിശുദ്ധാത്മാവ് നൽകിയിട്ടു പ്രവചനാത്മാവിൽ നിരന്തരമായി ഒഴുകുന്ന സ്തുതികളാണ് ആത്മിക ഗീതങ്ങൾ.

സഭാകൂട്ടായ്മകളിൽ മാത്രമല്ല, നമ്മുടെ നിത്യജീവിതത്തിലും മുടങ്ങാതെ സ്തുതിക്കും ആരാധനയ്ക്കും സ്ഥാനം കൊടുക്കണം. ദിനം പ്രതി ദൈവത്തിനു ശുശ്രൂഷനൽകി ദൈവത്തോടുള്ള കൂട്ടായ്മ നാം അനുഭവിക്കണം.

## സ്തുതി - വിശ്വാസം പ്രവൃത്തിയിൽ
## (Praise - Faith in Action)

ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രകടനമാണ് സ്തുതിയും ആരാധനയും. വചനത്തിന്റെ വാഗ്ദത്തത്തിൽ നാം പൂർണ്ണമായി വിശ്വസിച്ചാൽ നാം സന്തുഷ്ടരും ദൈവത്തെ സ്തുതിക്കുന്നവരും ആയിരിക്കും. യോശുവായും യിസ്രായേൽ ജനവും ആർപ്പിട്ടു; അപ്പോൾ യെരിഹോ കോട്ട വീണു. വേദപുസ്തകം മുന്നറിയിപ്പുതരുന്നു: ‘‘കർത്താവിൻ എപ്പോഴും സന്തോഷിപ്പിൻ’’(ഫിലി 4:4); എല്ലാറ്റിനും സ്തോത്രം ചെയ്വിൻ (1 തെസ 5:18എ).

സ്തുതിയുടെ ശക്തിയെ വെളിപ്പെടുത്തുന്ന ഒരു വചനഭാഗമാണ് 2 ദിനവൃത്താന്തം 20-ാം അദ്ധ്യായം. മോവാബ്യരും അമ്മോന്യരും ഒത്തുചേർന്ന് യഹൂദാരാജാവായ യഹോശാഫാത്തിന് എതിരായി യുദ്ധത്തിന് വന്നു. യഹോശാഫാത്തിന്റെ പ്രാർത്ഥനക്ക് ഉത്തരമായി ദൈവം യിസ്രായേലിന് അരുളപ്പാടുനൽകി.

> ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കുകയും അരുത്; യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റേതത്രെ; നാളെ അവരുടെ നേരെ ചെല്ലുവിൻ: ഇതാ അവർ സീസ് കയറ്റത്തിൽകൂടി കയറിവരുന്നു; നിങ്ങൾ അവരെ യെരുവേൽ മരുഭൂമിക്കെതിരെ തോട്ടിന്റെ അറ്റത്തുവച്ചുകാണും. ഈ പടയിൽ പൊരുതുവാൻ നിങ്ങൾക്ക് ആവശ്യമില്ല; യഹൂദയും യറുശലേമും ആയുള്ളോരെ, നിങ്ങൾ സ്ഥിരമായിനിന്നു യഹോവ നിങ്ങൾക്കു വരുത്തുന്ന രക്ഷ ക ുകൊൾവിൻ (2 ദിന 20-15 ബി 17).

**വിവരണം തുടരുന്നു**

> പിന്നെ അവർ അതികാലത്ത് എഴുന്നേറ്റു തെക്കോവ മരുഭൂമിയിലേക്ക് പുറപ്പെട്ടു; അവർ പുറപ്പെട്ടപ്പോൾ യഹോശാഫാത്ത് നിന്നുകൊ്: യഹൂദ്യരും യെരുശലേം നിവാസികളും ആയുള്ളോരെ, എന്റെ വാക്കുകേൾപ്പിൻ; നിങ്ങളുടെ ദൈവമായ

യഹോവയിൽ വിശ്വസിപ്പിൻ, എന്നാൽ നിങ്ങൾ ഉറച്ചുനിൽക്കും, അവന്റെ പ്രവാചകന്മാരേയും വിശ്വിസിപ്പിൻ എന്നാൽ നിങ്ങൾ കൃതാർത്ഥരാകും എന്നു പറഞ്ഞു. പിന്നെ അവൻ ജനത്തോടുആലോചിച്ചിട്ടു വിശുദ്ധാലങ്കാരം ധരിച്ചു സൈന്യത്തിന് മുമ്പിൽ നടന്നുകൊ് വാഴ്ത്തുവാനും യഹോവയെ സ്തുതിപ്പിൻ അവന്റെ ദയ എന്നേക്കും ഉള്ളതല്ലോ ഏന്നുചൊല്ലുവാനും, യഹോവക്ക് സംഗീതക്കാരെ നിയമിച്ചു. അവർ പ ാടിസ്തുതിച്ചുതുടങ്ങയപ്പോൾ യഹോവ യഹൂദയ്ക്ക് വിരോധമായി വന്ന അമ്മോന്യരുടേയും മോവാബ്യരുടേയും, സെയിർ പ ർവ്വതക്കാരുടേയും നേരെ പതിയിരിപ്പുകാരെ വരുത്തി; അങ്ങനെ അവർ തോറ്റുപോയി. അമ്മോന്യരും മോവാബ്യരും സെയിർ പ ർവ്വതനിവാസികളോടു എതിർത്തു അവരെ നിർമ്മൂലമാക്കി. സെയിർ നിവാസികളെ സംഹരിച്ചശേഷം അവർ അന്യോന്യം നശിപ്പിച്ചു. യഹൂദ്യർ മരുഭൂമിയിലെ കാവൽ ഗോപുരത്തിന്നരികെ എത്തിയപ്പോൾ അവർ പുരുഷാരത്തെനോക്കി, അവർ നിലത്ത് ശവങ്ങളായി കിടക്കുന്നതുകു. ഒരുത്തനും ചാടിപ്പോയിരുന്നില്ല. യഹോശാഫാത്തും അവന്റെ പടജ്ജനവും അവരെ കൊള്ളയിടുവാൻ വന്നപ്പോൾ അവരുടെയിടയിൽ അനവധി സമ്പത്തും വസ്ത്രവും വിശേഷവസ്തുക്കളും കത്തെി. തങ്ങൾക്കു ചുമപ്പാൻ കഴിയുന്നതിലുപരി ഊരി എടുത്തു; കൊള്ള അധികമുായിരുന്നതു കൊ് അവർ മൂന്നുദിവസം കൊള്ളയിട്ടു കൊയിരുന്നു (2 ദിന. 20:20–25).

വിശ്വാസം തുളുമ്പുന്ന പ്രാർത്ഥന സംരക്ഷണവും ശക്തിയും നൽകുന്നു!

സ്തുതിയുടെ ശക്തിയെക്കുറിച്ച് കൂടുതൽ അറിയാൻ ഫിലി. 4:6–7 വാക്യങ്ങൾ നോക്കുക, സ്തുതി സമാധാനത്തെ തരുന്നു (2 ദിന 5:1–14). സ്തുതി ദൈവസാന്നിധ്യം കൊുവരുന്നു (അപ്ര 13:1–2). സ്തുതി ദൈവത്തിന്റെ ഉദ്ദേശവും ലക്ഷ്യവും വെളിപ്പെടുത്തുന്നു (അപ്ര 16:22–26). സ്തുതി ദൈവികസംരക്ഷണവും തടവറയിൽനിന്നു മോചനവും തരുന്നു.